SUNDAY 23-10-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor : Suraj S. Editor : Dr. Saritha Vijayan K.



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/10/2022.

1. കൃഷിവകുപ്പ്മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം എന്ന കൃഷിദർശൻ പരിപാടി ഈ മാസം 26 മുതൽ 29 വരെ തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി മണ്ണുത്തി വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ ഈ മാസം 25 ന് എക്സിബിഷൻ ആരംഭിക്കും. 26 ന് ജില്ലയിലെ കൃഷി ഉദ്യോഗസ്ഥരുമായി മന്ത്രി കൂടിക്കാഴ്ച നടത്തും. ഒക്ടോബർ 28 ന് ഉദ്യോഗസ്ഥർക്ക് ഒപ്പം കൃഷിയിടങ്ങൾ സന്ദർശിക്കും. കൃഷിമന്ത്രി പങ്കെടുക്കുന്ന ഭവനകൂട്ടായ്മ, കർഷക അദാലത്ത്, കൃഷികൂട്ടസംഗമം എന്നിവ തുടർന്ന് നടത്തപ്പെടുന്നു.

2. സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി- കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാത്തതായുള്ള 18-നും 65 വയസ്സിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. ഈ പദ്ധതിയുടെ പ്രതിമാസ അംശാദായം 100 രൂപയാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in/ എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

3. കുറ്റൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം പദ്ധതി 2022-23 പ്രകാരം കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ കൃഷി ഭവനിൽ രേഖകൾ സമർപ്പിക്കേണ്ടതാണ്. ലിസ്റ്റിൽ പേരുള്ളവർ തന്നാണ്ടിലെ കരം അടച്ച രസീത്, ആധാർ, റേഷൻ കാർഡ് പകർപ്പ് ഇവയുമായി കൃഷി ഭവനിൽ എത്തണമെന്ന് കുറ്റൂർ കൃഷി ഓഫീസർ അറിയിച്ചു.

4. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഒക്ടോബർ മാസം മുപ്പത്തിയൊന്നാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്നു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരഞ്ഞെടുക്കുന്ന വർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് കോമ്പൗണ്ടിനുള്ളിലെ വിവിധ പ്ലോട്ടുകൾ, ഫാമിന് പുറത്തുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന തീറ്റപ്പുല്ല് ഫാമിൽ എത്തിക്കുന്നതിന് 2.5 ടൺ എങ്കിലും ശേഷിയുള്ള വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 26 (ഒക്ടോബർ 26) പകൽ 11 മണി വരെ. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം സൂപ്രണ്ടിന്റെ പേരിൽ അയയ്ക്കുന്ന ക്വട്ടേഷൻ കവറിനു പുറത്ത് **തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ 2022-23** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്യൂഡോമോണാസ് ഫ്ലൂറസെൻസ് (പൊടി, ലായനി), ട്രൈക്കോഡർമ, ബ്യുവേറിയ, ലെക്കാനിസിലിയം, മെറ്റാറൈസിയം, പസിലോമൈസസ്, ബയോ കണ്ട്രോൾ കോമ്പി പാക്ക്- വാഴ, ബയോ കണ്ട്രോൾ കോമ്പി പാക്ക്- പച്ചക്കറി, മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോമ്പി പാക്ക്, അസോള, വെർമി കമ്പോസ്റ്റ്, നീം സോപ്പ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വില്പനക്ക് തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക. ബന്ധപ്പെടേണ്ട നമ്പർ :9747238532,04872699087

**പരിശീലന പരിപാടികൾ**

7. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കർഷക പരിശീലന കേന്ദ്രം നവംബർ 2, 3, 4 തിയ്യതികളിൽ നേഴ്സറി പരിപാലനവും സസ്യ പ്രജനന രീതികളും എന്ന വിഷയത്തിൽ 30 കർഷകർക്ക് ത്രിദിന പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നും താൽപര്യമുള്ള കർഷകർ **0495–2373582** എന്ന ഫോൺ നമ്പറിൽ ഈ മാസം 26-ന് (26.10.2022) മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനു മുൻപ് ഈ കേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതാണ് എന്ന് കാർഷിക പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

8. റബ്ബറിന് വളമിടുന്നതിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. ഒക്ടോബർ 28-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.